




# സമ്പന്ന രാജ്യത്തെ ദരിദ്ര പ്രസിഡന്റ്

വൈറൽ

• ആബിദ് കോലിക്കര

തെക്കേ അമേരിക്കൻ രാജ്യമായ ഉറുഗ്വേയുടെ പ്രസിഡന്റായിരുന്ന ജോസ് മുജിക്കയുടെ ജീവിത കഥകൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. താൻ രാഷ്ട്രപതിയായിരുന്ന 2010 മുതൽ 2015 വരെയുള്ള അഞ്ച് വർഷംകൊണ്ട് രാജ്യത്തെ വികസനത്തിന്റെ വഴിയിലേക്ക് കൊണ്ടുവന്നു അദ്ദേഹം.

പ്രസിഡന്റായിട്ടും ഔദ്യോഗിക ഭവനത്തിൽ താമസിക്കാതെ അദ്ദേഹം ഭാര്യക്കൊപ്പം രണ്ട് മുറികളുള്ള ചെറിയ വീട്ടിലായിരുന്നു കഴിഞ്ഞത്. അതുകൊണ്ടുതന്നെ സമ്പന്ന രാജ്യത്തെ ദരിദ്ര പ്രസിഡന്റ് എന്നാണ് അദ്ദേഹം അറിയപ്പെട്ടത്.

ഈ പ്രസിഡന്റിനന്ന് 13300 ഡോളർ ശമ്പളം കിട്ടിയപ്പോൾ തനിക്ക് ഇത്രയധികം പണം വേണ്ട എന്ന് പറഞ്ഞ് 12000 ഡോളർ നിർധനരായവർക്ക് വിതരണം ചെയ്യുകയും 775 ഡോളർ വർഷങ്ങളായി തന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന അനാഥാലയത്തിന് നൽകുകയുമാണ് അദ്ദേഹം ചെയ്തത്.

വീട്ടുജോലിക്കാർ ഉണ്ടായിരുന്നില്ല അദ്ദേഹത്തിന്. ഒഴിവുസമയത്ത് കൃഷിക്കായി ട്രാക്ടർ ഓടിക്കുന്നതും നിലം തയ്യാറാക്കുന്നതുമെല്ലാം അദ്ദേഹം തന്നെയായിരുന്നു.

കുറച്ച് കാശ് കൈയിൽവന്നു ചേരുന്നതോടെ പഴയ കാലങ്ങളെല്ലാം മറന്ന് ധൂർത്തും ആഡംബരവുമെല്ലാം പിന്തുടരുന്നവർക്ക് ശരിക്കും ഒരു ഗുണപാഠം തന്നെയാണ് ഈ മനുഷ്യൻ. ജോസ് മുജിക്കയോട് 2015 -ന് ശേഷവും പദവിയിൽ തുടരാൻ പറഞ്ഞപ്പോൾ ഇനി അതെല്ലാം ചെറുപ്പക്കാർ ചെയ്തോളും എന്നായിരുന്നു മറുപടി. എത്ര പ്രായമായാലും അധികാരം വിട്ടൊഴിയാൻ തയ്യാറാകാത്തവരുടെ ലോകമാണിതെന്നോർക്കണം.

ലാളിത്യവും വിനയവും എല്ലാം ഉൾച്ചേർന്നതുകൊണ്ടുതന്നെ പ്രതിപക്ഷപാർട്ടികൾക്ക് പോലും അദ്ദേഹത്തെ ബഹുമാനമായിരുന്നു. 13 വർഷം പട്ടാളഭരണകൂടം ജയിലിലടച്ച കഥകൂടി മുജിക്കക്ക് പറയാനുണ്ട്. ഇങ്ങനെയുള്ള ഭരണാധികാരികൾ ഞങ്ങളുടെ നാട്ടിലും ഉണ്ടായിരുന്നെങ്കിൽ എന്ന രീതിയിലാണ് ഈ ന്യൂസിന് താഴെയുള്ള കമന്റുകളധികവും. ◆

▸▸ നോബൽ അക്കാദമി സ്ഥിതിചെയ്യുന്നത്– സ്റ്റോക്ക് ഹോം